സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2025
Vol. 2 Issue 1 pages 27-33

പാലൈ
PALAI பாலை
ISSN No: 3049-0316

# അരികുജീവിത പ്രാതിനിധ്യം കീഴാളസ്ത്രീ ആത്മകഥകളിൽ



**ഡോ. റഷിമോൻ പി.ആർ.* & ലിസി ജോസഫ്****

**സംഗ്രഹം**

കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് എഴുത്തുപദ്ധതികളിൽ നവീന രചനാശൈലികൾ വാർത്തെടുക്കപ്പെട്ടു. സ്വത്വാധിഷ്ഠിത ചിന്തകളും ആവിഷ്കാരസ്വാതന്ത്ര്യവും കീഴാള-പരിസ്ഥിതി-ദലിത് എഴുത്തുകളിൽ പ്രകടമായ മാറ്റങ്ങൾക്ക് കാരണമായി. ഭാഷ ഉൾപ്പെടുന്ന സ്വത്വാവബോധങ്ങൾക്ക് ലിംഗാടിസ്ഥാനത്തിൽ സാഹിത്യമേഖലയിൽ ചുവടുറപ്പിക്കുവാൻ കഴിഞ്ഞു. ആത്മകഥകളിൽതന്നെ കീഴാളസ്ത്രീ ആത്മകഥകൾ രചിച്ചതോടെ എഴുത്തിടങ്ങളിൽ മാറ്റിനിർത്തപ്പെട്ട ജനതയുടെ ജീവിതം തുറന്ന പുസ്തകമായിത്തീർന്നു. ആത്മകഥകളിലെ പെണ്ണെഴുത്തും കീഴാള ആത്മകഥകളിലെ പെണ്ണെഴുത്തും ഗൗരവതരമായി അവതരിപ്പിക്കപ്പെട്ടു. അതിജീവനത്തിനുവേണ്ടിയുള്ള പോരാട്ടശബ്ദമായി കീഴാള ആത്മകഥകൾ മാറി.

**താക്കോൽ വാക്കുകൾ:** കീഴാളത, സ്ത്രീവിമോചനം, അരികുജീവിതം, സ്ത്രീകർതൃത്വം, കേട്ടെഴുത്ത്, അതിജീവനം

സാമൂഹിക പരിണാമപ്രക്രിയയിൽ കീഴാള സാഹിത്യത്തിന് നിർണായക പങ്കുണ്ട്. കാലക്രമമനുസരിച്ച് സാഹിത്യസാമൂഹിക രംഗത്ത് ഉണ്ടായ മാറ്റങ്ങളും ജീവിതക്രമങ്ങളിലെ വ്യതിയാനങ്ങളും, സാങ്കേതിക വളർച്ചയും സ്വത്വബോധവും ഉൾക്കൊള്ളുന്നതാണ് കീഴാളസാഹിത്യം. മുഖ്യധാരാ എഴുത്തുപദ്ധതികളിൽ കീഴാളരചനകൾ പ്രകടമായ മാറ്റങ്ങൾ കൊണ്ടുവന്നു. ബഹിഷ്കൃതന്റെ എഴുത്തുകൾ പൊതുമണ്ഡലത്തിൽ അതുവരെയുണ്ടായിരുന്ന ആധിപത്യതലങ്ങളെ മറികടക്കുന്നതിന് കാരണമായി. കീഴാള ആത്മകഥാസാഹിത്യം മുഖ്യധാരയിൽ കൂടുതൽ പ്രാമുഖ്യം നേടിയെടുത്തു. അസ്വാതന്ത്ര്യത്തിലും അസമത്വത്തിലും കഴിയുന്നവരുടെ ജീവിതകഥകൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും മുഖ്യധാരയിൽ ഇടം കണ്ടെത്തുന്നതിനും വഴിയൊരുക്കി. കീഴാളരുടെ പച്ചയായ ജീവിതപരിസരങ്ങളാണ് കീഴാള ആത്മകഥകളിൽ പ്രകടമാകുന്നത്.

സാഹിത്യം, ശാസ്ത്രം, രാഷ്ട്രീയം, കല, കായികം തുടങ്ങിയ ഇടങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നവരാണ് ആദ്യകാലങ്ങളിലെ ആത്മകഥാരചയിതാക്കൾ. സവർണാധിപത്യ വ്യവഹാരങ്ങളെ മറികടന്നുകൊണ്ടാണ് കീഴാള ആത്മകഥാരചയിതാക്കൾ വിവിധ മേഖലകളിൽ ഇടം നേടിയത്. മുഖ്യധാരയിൽ നിന്നും പുറന്തള്ളപ്പെട്ട ജനവിഭാഗങ്ങൾ ആത്മകഥാരചന നടത്തുകയും സമൂഹത്തിലെ ചൂഷക വിഭാഗത്തിന്റെ പ്രശ്നങ്ങൾ

* അസോസിയേറ്റ് പ്രൊഫസർ, ദ കൊച്ചിൻ കോളേജ്, കൊച്ചി - 2
** അസിസ്റ്റന്റ് പ്രൊഫസർ, ഗവ. കോളേജ്, തൃപ്പൂണിത്തുറ

ആത്മകഥകളിൽ ആവിഷ്കരിക്കുകയും ചെയ്തു. കീഴാള ആത്മകഥാരചനകളിൽ സ്ത്രീ എഴുത്തുകാരികൾ നടത്തിയ ഇടപെടലുകൾ ശക്തമാണ്. കീഴാള സാഹിത്യം വൈജ്ഞാനിക മേഖലയിൽ ചുവടുറപ്പിച്ചപ്പോൾ ഇന്ത്യയിൽ വിവിധ ഭാഷകളിൽ നിന്നും സാഹിത്യരചനകൾ പിറവികൊണ്ടു. പുറമ്പോക്കിൽ കഴിഞ്ഞിരുന്ന അടിസ്ഥാനജനതയുടെ ജീവിതാവിഷ്കാരം സാഹിത്യമണ്ഡലത്തിൽ പുതിയൊരു തുടക്കമായിത്തീർന്നു.

"സാമൂഹികമായി കീഴ്നിലയിലുള്ളവരുടെ എഴുതപ്പെട്ട ജീവിതങ്ങൾ അവയിലെ വിധ്വംസകമായ വാക്കുകൾകൊണ്ടു തകർത്തത്, കെട്ടിപ്പൊക്കിയ നമ്മുടെ നവോത്ഥാന നിർമ്മിതികളെയാണ്." (രജനി പാലാമ്പറമ്പിൽ, 2020:10) വിവേചനത്തിനെതിരെ, അടിമത്തത്തിനെതിരെയുള്ള രോഷപ്രകടനങ്ങളും പ്രതിഷേധങ്ങളും ശക്തമായി പ്രകടിപ്പിക്കുകയും ചെയ്യുന്ന കീഴാള ആത്മകഥകൾ അതിജീവനത്തിന്റെ പ്രതിഷേധാഗ്നികൂടിയാണ്. ഇതുവരെയും കണ്ടറിഞ്ഞതിൽ നിന്ന് വ്യത്യസ്തമായി വസ്തുനിഷ്ഠവും പ്രത്യയശാസ്ത്രപരവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ജാതിമേൽക്കോയ്മയുടെ വർത്തമാനകാല അനുഭവങ്ങളുടെ നേർക്കാഴ്ചകളാണ് കീഴാള ആത്മകഥകൾ.

## സ്ത്രീ വിമോചന പ്രസ്ഥാനം

സ്ത്രീ വിമോചന പ്രസ്ഥാനങ്ങളുടെ ആരംഭം പാശ്ചാത്യ രാജ്യങ്ങളിലാണ്. ലാറ്റിനമേരിക്ക, ഫ്രാൻസ്, ഇംഗ്ലണ്ട്, ജർമ്മനി, നോർവേ, സ്വീഡൻ, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ ഉണ്ടായ സ്ത്രീ വിമോചന പ്രസ്ഥാനം വിവിധ രാജ്യങ്ങളിൽ ചലനങ്ങൾ സൃഷ്ടിച്ചു. സ്ത്രീവിമോചന പ്രസ്ഥാനത്തിൽ ആദ്യത്തെ കലാപസ്വരമുയരുന്നത് ലാറ്റിനമേരിക്കൻ കവിതകളിലാണ്. പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കന്യാസ്ത്രീ ആയിരുന്ന സിസ്റ്റർ ജുവാനയുടെ കവിതകളിലാണ് പ്രതിഷേധം പ്രകടമാകുന്നത്. "പുരുഷൻ സ്ത്രീക്ക് നിഷേധിച്ചത് എന്തൊക്കെ ആണെന്നും അവന്റെ ഇരട്ടത്താപ്പ് സ്ത്രീയെ എത്രമേൽ തളർത്തിയെന്നും തികഞ്ഞ അവബോധമുള്ള സിസ്റ്റർ അവ തന്നെ തന്റെ കവിതകളുടെ പ്രമേയമാക്കി." (ലീലാവതി, എം, 2020:14) അതിനാൽ പള്ളി അധികാരികൾ സിസ്റ്റർ ജുവാനയെ കുറ്റവിചാരണ വിധേയമാക്കുകയും മൂകതയിലേക്ക് തള്ളിവിടുകയും ചെയ്തു.

ഫ്രഞ്ച് വിപ്ലവം സ്ത്രീ-പുരുഷന്മാരിൽ സമത്വം പ്രഖ്യാപിച്ചെങ്കിലും വിപ്ലവകാരികളായ ഫ്രഞ്ച് പുരുഷന്മാർ രണ്ട് വിഭാഗമായിക്കൊണ്ട് ഫ്രഞ്ചു ഭരണഘടനയെപ്പറ്റി വാദപ്രതിവാദങ്ങൾ നടത്തി മുന്നേറി. ഈ വിഭാഗങ്ങളിൽനിന്ന് റിവല്യൂഷണറി റിപ്പബ്ലിക്കൻ വിമെൻ സിറ്റിസൻ (Revolutionary Republican Women Citizen) എന്ന സംഘടന രൂപം കൊണ്ടു. എന്നാൽ പ്രതിഷേധ സ്വരമുയർത്തിയ സ്ത്രീകളെ അടിച്ചമർത്തുകയാണുണ്ടായത്. ജോൻ ഓഫ് ആർക്കും, ഒലിംപെ ദ ഗൗജ്ജും (Olympe de Gouge) സ്ത്രീ അവകാശങ്ങൾക്കുവേണ്ടി പോരാടിയതിന്റെ ഫലമായി കുറ്റവിചാരണ നേരിട്ടവരായിരുന്നു.

ഇംഗ്ലണ്ടിന്റെ ആദ്യത്തെ ഫെമിനിസ്റ്റ് പ്രതിനിധി മേരി വോൾസ്റ്റോൺ ക്രാഫ്റ്റ് (Mary Wallstone Craft, 1759-1797) ആണ്. വിദ്യാഭ്യാസമില്ലാത്ത സ്ത്രീക്ക് സ്വതന്ത്രയാവാൻ സാധ്യമല്ലെന്ന് മനസ്സിലാക്കിയ വോൾസ്റ്റോൺ ലണ്ടന്റെ പ്രാന്തപ്രദേശമായ ന്യൂയെങ്ങ്ടണിൽ 1783-ൽ ഒരു വിദ്യാലയം സ്ഥാപിച്ചു. "മേരി (*A Vindication of the Rights of Woman*) എന്ന പുസ്തകത്തിന്റെ രചനയാരംഭിക്കുകയും അത് സ്ത്രീവർഗ്ഗത്തെ ഉണർത്താനുതകണമെന്ന ലക്ഷ്യത്തോടെ ഏകാഗ്രമായി പ്രവർത്തിക്കുകയും ചെയ്തു. ഇംഗ്ലണ്ടിലെ ഫെമിനിസത്തിന്റെ ആധാരഗ്രന്ഥമാണ് ആ പുസ്തകം. "രാജാവ് പ്രജകളെ അടിച്ചമർത്തുന്നതുപോലെത്തന്നെയാണ് കുടുംബനാഥൻ സ്ത്രീകളെ അടിച്ചമർത്തുന്നതെന്ന് സമർത്ഥിച്ചിട്ടുണ്ട് ആ പുസ്തകത്തിൽ." (ലീലാവതി, എം, 2020:8).

യൂറോപ്പിൽ സ്ത്രീകൾക്ക് സ്വാതന്ത്ര്യബോധമുളവാക്കിയത് വിപ്ലവങ്ങൾ ആയിരുന്നെങ്കിൽ അമേരിക്കയിൽ അടിമത്തത്തിനെതിരെയുള്ള പ്രതിഷേധമാണ് സ്ത്രീവാദപ്രസ്ഥാനങ്ങളിലേയ്ക്ക് നയിച്ചത്. ഗാർഹികമായ പുരുഷാധിപത്യം വെള്ളക്കാരികളെ തടവുകാരാക്കി മാറ്റിയപ്പോൾ കുടുംബത്തിൽ എല്ലാവരുമായി ഒരുമിച്ച് ജീവിക്കാൻ കഴിയാത്തതായിരുന്നു കറുത്തവർഗ്ഗക്കാരായ അടിമകളുടെ ദുഃഖം. നിരവധി ചൂഷണങ്ങൾക്ക് ഇവർ വിധേയരായിത്തീർന്നു. തുടർന്ന് ആഫ്രോ-അമേരിക്കൻ നീഗ്രോവംശജരായ സ്ത്രീകൾ അടിമസമ്പ്രദായ വിരുദ്ധ സമാജം (Anti Slavery Society) സംഘടിപ്പിക്കുകയും പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ലുക്രിഷിയമോട്ട് ആണ് ഈ പ്രവർത്തകരിൽ പ്രധാനിയായ വ്യക്തിത്വം.

1848-ലാണ് സ്ത്രീകൾക്ക് വോട്ടവകാശം വേണമെന്ന പ്രമേയം ന്യൂയോർക്കിലെ സെനക്കഫാൾസ് ടൗണിലെ വെസിലിയൻ ചാപ്പലിലെ സമ്മേളനത്തിൽ പാസ്സാക്കിയത് (Senaca falls Declaration of Sentiments) "അവിടെവെച്ച് സ്ത്രീകൾക്കു വോട്ടവകാശം എന്ന ആശയ പ്രചാരണത്തിനു സ്ത്രീകളിറങ്ങണമെന്ന പ്രമേയം

എലിസബത്ത് അവതരിപ്പിച്ചു." (ലീലാവതി, എം, 2020:20) ഒരു ജഡ്ജിയുടെ മകളായിരുന്നിട്ടുപോലും ആൺകുട്ടികളോടൊപ്പം തുല്യവിദ്യാഭ്യാസം ലഭിക്കാതിരുന്ന വ്യക്തിയായിരുന്ന എലിസബത്ത്. അതിനാൽ അവർ തുല്യതയ്ക്കുവേണ്ടി പോരാടാൻ തയ്യാറായി. ഗാർഹിക പ്രശ്നങ്ങൾക്കെതിരെയും അവർ ശബ്ദമുയർത്തി. സ്ത്രീവിമോചന പ്രസ്ഥാനത്തിന്റെ വിത്തുകൾ പാകി മുളപ്പിച്ചവരായിരുന്ന ലുക്രിഷ്യ, എലിസബത്ത്, സൂസൻ, ലൂസിയ തുടങ്ങിയവർ.

പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച വ്യവസായ വിപ്ലവം, സ്ത്രീകൾക്ക് സ്വന്തമായി വരുമാനമാർഗ്ഗത്തിനുള്ള വഴിത്തിരിവായി മാറി. എന്നാൽ തൊഴിലിലും, വേതനത്തിലും സുരക്ഷിതത്വത്തിലും സമത്വം ഉണ്ടായിരുന്നില്ല. അതിനാൽ തുടർന്നും സ്ത്രീകൾക്ക് പോരാട്ടങ്ങൾ നടത്തേണ്ടിവന്നിരുന്നു. 1848-ൽ വോട്ടവകാശപ്രമേയം ന്യൂയോർക്കിൽ പാസാക്കിയെങ്കിലും വോട്ടവകാശപ്രഖ്യാപനം 1900-ന് ശേഷമാണ് വിവിധ രാജ്യങ്ങളിൽ നടപ്പിലാക്കുന്നത്. വംശീയവർണ്ണ വിവേചനം നേരിട്ട ആഫ്രിക്കൻ ജനതയ്ക്ക് 1955-ന് ശേഷമാണ് പൗരവകാശത്തിനുള്ള സമരം ഊർജ്ജിതമാക്കാൻ കഴിഞ്ഞത്. ലിംഗഭേദ പരിഗണന വെടിഞ്ഞ് കർമ്മരംഗങ്ങളിൽ തുല്യത നല്കുന്നതിനുള്ള ഭരണഘടന ഭേദഗതി 1972-ലാണ് പാസ്സാക്കിയത്.

ഇന്ത്യയിൽ ആര്യസമാജം, ബ്രഹ്മസമാജം പോലുള്ള പ്രസ്ഥാനങ്ങളിൽ സ്ത്രീവിഷയങ്ങൾ പരിഗണിക്കപ്പെട്ടിരുന്നു. 1917-ലാണ് ഒരു വനിതാപ്രസ്ഥാനം ഉടലെടുക്കുന്നത്. മിസ്സിസ് മാർഗററ്റ് കസിൻസും മിസിസ് ആനിബസന്റുമാണ് വിമെൻസ് ഇന്ത്യൻ അസോസിയേഷന് നേതൃത്വം കൊടുത്തത്. അഖിലേന്ത്യ വനിതാ സമ്മേളനം (All India Womens Conference) സംഘടിപ്പിച്ചത് മിസിസ് സരോജിനി നായിഡുമാണ്. തുടർന്ന് സ്ത്രീകൾ വോട്ടവകാശത്തിനുള്ള പ്രക്ഷോഭം ശക്തമാക്കുകയും 1962-ൽ നികുതി കൊടുക്കുന്ന സ്ത്രീകൾക്ക് ആദ്യം വോട്ടവകാശം ലഭിക്കുകയും പ്രഖ്യാപനം നടക്കുകയും 1935-ൽ എല്ലാവർക്കും വോട്ടവകാശത്തിനുള്ള അനുമതി ലഭിക്കുകയും ചെയ്തു.

സാഹിത്യരചനകളിൽ ആദ്യകാലങ്ങളിൽ തന്നെ എഴുത്തുകാരികളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നെങ്കിലും രണ്ടായിരത്തിന് ശേഷമാണ് കേരളത്തിൽ കീഴാള സ്ത്രീ എഴുത്തുകാരികൾക്ക് പ്രാമുഖ്യമേറുന്നത്. സാഹിത്യത്തിന്റെ പൊതുമണ്ഡലത്തിൽ രംഗപ്രവേശം ചെയ്യുന്നതിന് അവർക്ക് കഴിഞ്ഞു. അതുവരെ ഒതുക്കിവെക്കപ്പെട്ടിരുന്ന ജീവിത സാഹചര്യങ്ങളിൽ നിന്ന് തുറന്നെഴുത്ത് കീഴാളസ്ത്രീകൾ സാധ്യമാക്കി സ്ത്രീ വിമോചന പ്രസ്ഥാനവും, ദലിത് സാഹിത്യവും, പെണ്ണെഴുത്തും, കീഴാള പഠനങ്ങളുമെല്ലാം അതിന് കാരണമായി.

സ്ത്രീവിമോചനപ്രസ്ഥാനം എന്ന നിലയിൽ ആവിഷ്കൃതമായ സ്ത്രീവാദപ്രസ്ഥാനം പെണ്ണിടങ്ങളിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതോടൊപ്പം ആധിപത്യവ്യവസ്ഥിതികളെ (രാഷ്ട്രീയം, മതം, വർണം, വർഗ്ഗം, പുരുഷ - സവർണാധിപത്യം) അതിജീവിച്ചു കൊണ്ട് തുല്യതയുള്ള പുതുസംസ്കാരത്തിന്റെ ഭാഗമാകാൻ പെണ്ണെഴുത്തുകൾ ശ്രമിക്കുന്നു. ആധിപത്യനിയമ വ്യവസ്ഥിതികളെ മറികടന്നുകൊണ്ടാണ് കീഴാള എഴുത്തുകാരികൾ ആത്മകഥകൾ രചിച്ചിരിക്കുന്നത്. കീഴാള ആത്മകഥകളിലെ പെൺ സാന്നിദ്ധ്യത്തിന് രാഷ്ട്രീയം, സാമ്പത്തികം, ചരിത്രം, തൊഴിൽ, തൊഴിലിടങ്ങൾ, വ്യക്തിഗത അനുഭവങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, സ്വത്വബോധം തുടങ്ങിയ വിഷയങ്ങളിലേയ്ക്ക് ശ്രദ്ധയൂന്നുവാൻ കഴിഞ്ഞിട്ടുണ്ട്. സ്ത്രീയും പുരുഷനും ഇടപെടലുകൾ നടത്തുന്ന സാമൂഹിക തലങ്ങളിലെ പൊതുപ്രശ്നങ്ങളാണ് കീഴാള സ്ത്രീ എഴുത്തുകളിൽ പ്രകടമാകുന്നത്. കീഴാള ജനത നേരിടുന്ന സാമൂഹിക പ്രശ്നങ്ങളും പാർശ്വവത്കൃത തലങ്ങളും പൊതുസമൂഹത്തിന്റെ മുമ്പിൽ തുറന്ന പുസ്തകമായി മാറി.

സി.കെ. ജാനുവിന്റെ *അടിമമക്ക*, മറിയാമ്മച്ചേടത്തിയുടെ *മാണിക്കംപെണ്ണ്*, സെലീന പ്രക്കാനത്തിന്റെ *ചെങ്ങറ സമരവും എന്റെ ജീവിതവും*, മയിലമ്മയുടെ *മയിലമ്മ ഒരു ജീവിതം*, രജനി പാലാമ്പറമ്പലിന്റെ *ആ നെല്ലിമരം പുല്ലാണ്*, നളിനി ജമീലയുടെ *ഞാൻ ലൈംഗിക തൊഴിലാളി നളിനി ജമീലയുടെ ആത്മകഥ*, ധനുജകുമാരിയുടെ *ചെങ്കൽച്ചൂളയിലെ എന്റെ ജീവിതം*, വിനയയുടെ *എന്റെ കഥ അഥവാ മലയാളി യുവതിയുടെ ജീവിതയാത്ര* അടിയാറ് ടീച്ചറിന്റെ *അടിയാറ് ടീച്ചറും മറ്റ് അസാധാരണ ജീവിതങ്ങളും*, സുരയ്യാബാനുവിന്റെ ഡ്യൂപ്പ്, ലക്ഷ്മിരാമന്റെ *പെങ്ങണത്തി*, വിജയരാജ മല്ലികയുടെ *മല്ലികാവസന്തം*, സിന്ധു മാങ്ങണിയന്റെ *ഇടതു നെഞ്ചിലെ ഉച്ചാലു മാസങ്ങൾ* തുടങ്ങിയ നിരവധി കീഴാള സ്ത്രീ ആത്മകഥകൾ അരികുജീവിതത്തിന്റെ വിഭിന്ന തലങ്ങളാണ് ആവിഷ്കരിച്ചിരിക്കുന്നത്. വ്യക്തിഗതം എന്നതിനപ്പുറം കീഴാളജീവിതത്തിന്റെ പൊതുപ്രശ്നങ്ങൾ ഈ ആത്മകഥകളിൽ അവതരിക്കപ്പെടുന്നതിനാൽ സാമൂഹിക പ്രശ്നങ്ങളിലെ ഇടപെടലുകളായി കീഴാള സ്ത്രീആത്മകഥകൾ മാറുന്നു.

 ISSN No: 3049-0316 

സി.കെ. ജാനുവിന്റെ *അടിമമക്ക* എന്ന ആത്മകഥയിൽ ഗോത്രജനതയുടെ ജീവിത പരിസരങ്ങൾ, ആചാരങ്ങൾ, ചടങ്ങുകൾ, ഭാഷ, കാർഷിക ജീവിതം തുടങ്ങിയ കാര്യങ്ങൾ പ്രതിപാദിക്കുന്ന തോടൊപ്പം ഒരു രാഷ്ട്രീയ നേതാവ് എന്ന നിലയിൽ താൻ നേരിട്ട ഓരോ അനുഭവവും ചിത്രീകരിക്കുന്നു. രാഷ്ട്രീയ ഇടപെടലുകൾ ആദിവാസി ജനതയെ ചൂഷണം ചെയ്തിരുന്ന സന്ദർഭങ്ങൾ, ഗോത്രജനതയോടുള്ള രാഷ്ട്രീയ കക്ഷികളുടെ മനോഭാവം, വിവേചനം, ചതി, സമര പ്രവർത്തനങ്ങൾ, ലോകരാഷ്ട്രങ്ങളിലെ ആദിവാസി പ്രശ്നങ്ങൾ, ഭൂമി കൈയേറ്റം, ജാതിക്കോളനി, ലൈഫ് പദ്ധതിയിലെ ചതിക്കുഴികൾ തുടങ്ങിയ ഗോത്രജനതയുടെ ജീവിതത്തെ അടയാളപ്പെടുത്തുന്ന ആത്മകഥയാണ് *അടിമമക്ക.*

ക്രൈസ്തവ മതപരിവർത്തിത നാടൻപാട്ട് കലാകാരി എന്ന നിലയിലാണ് മറിയാമ്മച്ചേടത്തി *മാണിക്കാംപെണ്ണിൽ* അടയാളപ്പെടുത്തുന്നത്. 'യഥാർത്ഥ' നാടൻ പാട്ടുകാരി / നാട്ടുപാട്ടുകാരൻ എന്നത് പാട്ടുപാടുന്നയാൾ മാത്രമല്ല പാട്ട്'കെട്ടുന്ന'യാൾ കൂടിയാണ്. മുൻതലമുറയിൽനിന്നു ലഭിച്ച പാട്ടറിവുകളെ സ്വാംശീകരിക്കുകയും അവയുടെ മോട്ടിഫുകൾ മനസ്സിൽ സൂക്ഷിച്ചുവെയ്ക്കുകയും സന്ദർഭാനുസരണം എത്രവേണമെങ്കിലും നീട്ടിയും കുറുക്കിയും പാടിപ്പൊലിപ്പിക്കുകയും പലതാളത്തിലും പല ഈണത്തിലും വഴിമാറ്റിപ്പാടുകയും ചെയ്യാൻ കഴിവുള്ളവരാണ് നാടൻ പാട്ടുകാർ. അതുകൊണ്ടാണ് ഒരു കഥാഗാനം (balad) ഒരു നാടിന്റെ പാട്ടുകാരി / പാട്ടുകാരൻ തന്നെ വീണ്ടും പാടുമ്പോൾ തനിയാവർത്തിക്കാതിരിക്കുന്നത്. ഇതാണ് പാട്ടിന്റെ കെട്ടുമുറ." (സെബാസ്റ്റ്യൻ, വട്ടമറ്റം, 2023:15) നാടൻപാട്ടിനോടുള്ള അഭിനിവേശവും കെട്ടുമുറ ശൈലിയിലുള്ള അവതരണവും, പാടത്തെ പണിയും, ജന്മി-കുടിയൻ ബന്ധവും തൊട്ടുകൂടായ്മയുമെല്ലാം ഈ ആത്മകഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

സെലീന പ്രക്കാനത്തിന്റെ *ചെങ്ങറ സമരവും എന്റെ ജീവിതവും എന്ന ആത്മകഥ*യിൽ ഭൂമി തിരിച്ചു പിടിക്കുന്നതിനുവേണ്ടിയുള്ള സമര പ്രവർത്തനങ്ങളും തിക്താനുഭവങ്ങളുമാണ് വിഷയമായിരിക്കുന്നത്. "സ്ക്വാഡ് വർക്ക് പ്രധാനമായും കേന്ദ്രീകരിച്ചത് ലക്ഷംവീട് കോളനികൾ, ചേരിപ്രദേശങ്ങൾ, ദലിതർ പാർക്കുന്ന കനാൽ പുറമ്പോക്കുകൾ, റോഡരികിൽ കുടിലുകൾ കെട്ടിത്താമസിക്കുന്നവർ തുടങ്ങി സ്വന്തമായി ഭൂമിയില്ലാത്തവരിലായിരുന്നു." (സെലിന പ്രക്കാനം; 2013:31) ഭൂരഹിതരെ തേടി കോളനികളിലെത്തുന്നതും അവരെ സംഘടിപ്പിച്ച് സമരത്തിൽ പങ്കെടുപ്പിക്കുന്നതും, വിവിധ സംഘടനകളിലെ നിലപാടുകൾ, നേതൃത്വ വിരുദ്ധനിലപാടുകൾ എന്നിങ്ങനെയുള്ള സമരഭൂപടമാണ് സെലീന പ്രക്കാനത്തിന്റെ ആത്മകഥ.

ആഗോളപ്രശ്നത്തിനെതിരെ ശബ്ദമുയർത്തിയതിന്റെ പ്രതിധ്വനികളാണ് മയിലമ്മയുടെ ആത്മകഥ. പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനി സ്ഥാപിച്ചപ്പോൾ ഒരു ഭൂപ്രദേശത്തിലെ മുഴുവൻ ജലസ്രോതസ്സും വിഷം നിറഞ്ഞതായി മാറി. ഈ വിഷയം ആഗോളതലത്തിൽ പ്രശ്നമായി അവതരിപ്പിച്ചതും സമരപരിപാടികൾ മുന്നോട്ടുകൊണ്ടുപോയതുമാണ് ആത്മകഥയിൽ പ്രതിപാദിക്കുന്നത്. കോർപറേറ്റ് മുതലാളിമാരുടെ ആധിപത്യ മുന്നേറ്റത്തിനെതിരെയുള്ള സമരപ്രഖ്യാപനമാണ് മയിലമ്മയുടെ ആത്മകഥയിൽ വ്യക്തമാകുന്നത്.

രജനി പാലാമ്പറമ്പിലിന്റെ *ആ നെല്ലിമരം പുല്ലാണ്* എന്ന ആത്മകഥ സൂചിപ്പിക്കുന്നത് ദലിത് യുവതിയുടെ വിദ്യാഭ്യാസ കാലത്ത് നേരിട്ടിരുന്ന വിവേചനങ്ങളാണ്. സവർണാധിപത്യത്തിലുള്ള കലാലയത്തിൽ പഠിച്ചപ്പോൾ അധികാരികളിൽനിന്നും നേരിട്ട തിക്താനുഭവവും അതിജീവനവുമെല്ലാം വ്യക്തമാക്കുന്നു. സ്ഥാപനവത്ക്കരിക്കപ്പെട്ട അധികാരകേന്ദ്രങ്ങളിൽ നിന്നുള്ള അധികാര മനോഭാവം ദലിതരിൽ ഉണ്ടാക്കുന്ന വിവേചനത്തിന്റെ നേർക്കാഴ്ചയാണ് ഈ ആത്മകഥയിൽ ചിത്രീകരിക്കുന്നത്. ജാതിയുടെയും നിറത്തിന്റെയും പേരിൽ അനുഭവിക്കേണ്ടിവരുന്ന വിവേചനവും തിക്താനുഭവവും അടയാളപ്പെടുത്തുന്നതിനോടൊപ്പം ചേരിയിൽ ജീവിക്കുന്നവരായതിനാൽ അരികുവത്കരണത്തിന്റെ വ്യത്യസ്തതലങ്ങളും ഈ ആത്മകഥയിൽ പ്രതിഫലിക്കുന്നു.

തൊഴിലിടങ്ങളിൽ സ്ത്രീ അവഗണന നേരിടുന്ന അനുഭവങ്ങളാണ് *ഞാൻ ലൈംഗികത്തൊഴിലാളി നളിനി ജമീലയുടെ ആത്മകഥ* വ്യക്തമാക്കുന്നത്. ലൈംഗിക തൊഴിൽ അംഗീകൃത തൊഴിലായി അംഗീകരിക്കുന്നില്ല. എന്നാൽ ഇത്തരം തൊഴിലുകളിൽ പല അനുഭവങ്ങളിൽനിന്നും എത്തിച്ചേരുന്ന സ്ത്രീ-പുരുഷന്മാർ ധാരാളമായിട്ടുണ്ട്. "ഞങ്ങളു മാത്രമൊന്നുമല്ല ഈ കുറ്റം ചെയ്യുന്നത്. ഞങ്ങളുടെയടുത്തു വരുന്ന അഡ്വക്കേറ്റുമാരുണ്ട്, ഡോക്ടർമാരുണ്ട്, ബിസിനസുകാരുണ്ട്. അവരൊക്കെ മര്യാദക്കാരായി നിൽക്കുകയും ഞങ്ങൾ മാത്രം കുറ്റവാളികളായി നിൽക്കുകയും ചെയ്യുന്നത് ശരിയല്ല." (നളിനി ജമീല, 2018:75) നിയമസംവിധാനത്തിൽ ഈ തൊഴിൽ ചെയ്യുന്നവരിൽ സ്ത്രീകൾ മാത്രമാണ് കുറ്റാരോപിതരാകുന്നത്

എന്ന് നളിനി ജമീല വ്യക്തമാക്കുന്നു. ലൈംഗിക തൊഴിൽ എന്ന യാത്രയിലൂടെ ജമീലക്ക് നേരിടേണ്ടിവന്ന ജീവിതാനുഭവങ്ങളാണ് അവരുടെ ആത്മകഥയിൽ അവതരിപ്പിക്കുന്നത്.

ട്രാൻസ്ജെൻഡർ വിജയരാജമല്ലികയുടെ *മല്ലികാവസന്തം* ഇതരലിംഗക്കാരുടെ ജീവിതപ്രശ്നങ്ങൾ അനാവരണം ചെയ്യുന്നു. ഈ വിഭാഗത്തിലുള്ളവരുടെ വൈകാരികാവസ്ഥകൾ കൃത്യമായി അടയാളപ്പെടുത്തുന്ന ആത്മകഥയാണ് *മല്ലികാവസന്തം*. ദലിത് വിഭാഗത്തിലുള്ള വ്യക്തിയായതിനാൽ ഇരട്ടിച്ച തിക്താനുഭവങ്ങളാണ് മനു ജെ. കൃഷ്ണൻ എന്ന വിജയരാജമല്ലികക്ക് നേരിടേണ്ടി വന്നത്. "എന്റെ പെൺ ചലനങ്ങൾ, കറുത്ത തൊലി, ദളിത് കുട്ടി എന്നിവകൊണ്ടാവാം പലർക്കും എന്നോട് പുച്ഛമായിരുന്നു." (വിജയരാജമല്ലിക, 2021:22) സ്വത്വം വീണ്ടെടുത്തപ്പോൾ ഉണ്ടായ ആനന്ദം വിജയരാജമല്ലികയ്ക്ക് നവാനുഭവം പകർന്നു. പാർശ്വവത്കൃത ജനതയുടെ പ്രത്യേകിച്ച് (LGBTQ) വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനു വേണ്ടി പൊതുപ്രവർത്തനങ്ങളിൽ സജീവമാണ് വിജയരാജമല്ലിക.

അക്ഷരാഭ്യാസമില്ലാതിരുന്ന ഒരു ജനത നേരിടുന്ന അരികുവത്കരണത്തിന്റെയും അവഗണനയുടെയും അടയാളപ്പെടുത്തലായി മാറുന്നത് കേട്ടെഴുത്ത് രൂപത്തിലാണ്. ആദ്യകാല കീഴാള ആത്മകഥകൾ കേട്ടെഴുത്ത് രൂപത്തിൽ നിന്നും പിറവി കൊണ്ടവയാണ്. അതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെന്നിരിക്കിലും, അരികു കാഴ്ചകൾ ജീവിതത്തിലും ജോലിയിടങ്ങളിലും രാഷ്ട്രീയ മണ്ഡലങ്ങളിലും, വർണ-വർഗ്ഗ അധികാരി തലങ്ങളിലും, സ്ത്രീ എന്ന നിലയിലും, അധ:കൃത സ്ത്രീ എന്ന നിലയിലും നേരിടേണ്ടി വരുന്ന അതിജീവനതലങ്ങളാണ് കീഴാള സ്ത്രീ ആത്മകഥകളിൽ അവതരിപ്പിക്കപ്പെടുന്നത്. ആത്മകഥാസാഹിത്യത്തിൽ കീഴാളസ്ത്രീകളുടെ കർത്തൃത്വം ശക്തിപ്രാപിച്ചു. അനുഭവാധിഷ്ഠിതമായ ഓരോ രചനകളും സ്വത്വത്തെയും വംശത്തെയും ഗോത്രത്തെയും, ദലിത് ജീവിത പരിസരത്തെയും അടയാളപ്പെടുത്തുന്നവയായി മാറി.

**സ്വത്വാവബോധം**

സ്വത്വാവബോധത്തിൽ നിന്നാണ് കീഴാളജനത നേരിടുന്ന നീറുന്ന അനുഭവങ്ങൾ എഴുത്തിന്റെ തലത്തിലേയ്ക്ക് ഉയർന്നുവന്നത്. അവഗണിക്കപ്പെട്ട സമൂഹം മുഖ്യധാരയിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ തുടങ്ങി. കീഴാള ജനതയുടെ ജീവിതാവിഷ്ക്കാരങ്ങൾ സാഹിത്യഇടങ്ങളിൽ തന്നെ പുന:നിർമ്മിതിക്ക് കാരണമായി. കാലങ്ങളായി അടിച്ചമർത്തി വെച്ചിരുന്ന സ്വത്വത്തെയും ജീവിതപ്രശ്നങ്ങളെയും എഴുത്തുതലങ്ങളിൽ മറനീക്കി പുറത്തുകൊണ്ടുവരുന്നതിനും സ്വതന്ത്രമായ ഭാഷ്യം രചിക്കുന്നതിനും കാരണമായി. വർണങ്ങളുടെ പിൻബലത്തിൽ ഒരു ജനവിഭാഗത്തെ അപരിഷ്കൃതരാക്കി മാറ്റിനിർത്തിയ സന്ദർഭത്തിൽ സവർണാധിപത്യത്തിന്റെ ചിന്താപദ്ധതികളെ മറികടക്കുന്നതിനു കീഴാള സ്വത്വബോധം പുതിയ ബോധമണ്ഡലങ്ങളെ സൃഷ്ടിക്കുന്നതിനു കാരണമായി. കീഴാള ജ്ഞാനമണ്ഡലങ്ങളിലെ വ്യാവഹാരിക പ്രതിനിധാനങ്ങളെ പൊതുസമൂഹത്തിന് ബോദ്ധ്യപ്പെടുത്തുക മൂലം ചാതുർവർണ്യത്തിലധിഷ്ഠിതമായ ബ്രാഹ്മണിക് ചിന്താധാരകളെ പ്രത്യയശാസ്ത്രപരമായി മറികടക്കുവാൻ കീഴാള ആത്മകഥാരചയിതാക്കൾക്ക് കഴിഞ്ഞിട്ടുണ്ട്." സ്വത്വരാഷ്ട്രീയം കീഴാള ജനാധിപത്യത്തിനു വേണ്ടിയുള്ള സമരമായി വികസിക്കണം. എല്ലാ സ്വത്വങ്ങളും അവയുടെ സവിശേഷതകൾ നിലനിർത്തിക്കൊണ്ടുതന്നെ അവയുടെ തടവറയിൽ നിന്ന് പുറത്തുകടന്ന് പരസ്പരം കലരുന്ന, സംവദിക്കുന്ന ഒരു കീഴാള രാഷ്ട്രീയ ശക്തിയായി മാറണം" (രാജീവൻ. ബി, 2020:105) കല്ലേൻ പൊക്കുടന്റേതുൾപ്പടെയുള്ള ആത്മകഥകളിലെല്ലാം ആവർത്തിച്ച് അവതരിപ്പിക്കുന്ന വിഷയം രാഷ്ട്രീയ ഇടപെടലുകളിൽ നിന്നും നേരിട്ട തിക്താനുഭവങ്ങളാണ്. ജാതീയമായി പാർശ്വവത്കരിക്കപ്പെടുകയും മുഖ്യധാരയിലും പൊതുഇടങ്ങളിലും ഒരു പരിഗണനയും ലഭിക്കാത്ത സന്ദർഭങ്ങളിലുമാണ് പൊതുസേവനം ചെയ്യുന്ന രാഷ്ട്രീയ അധികാരികളിൽ നിന്നും പ്രത്യക്ഷമായും പരോക്ഷമായും കീഴാളർക്ക് മാറ്റിനിർത്തലുകൾ അനുഭവിക്കേണ്ടി വന്നിരുന്നത്.

ആണധികാരത്തിലുള്ള കുടുംബ പശ്ചാത്തലവും അധികാരവും സ്ത്രീകളെ കുടുംബിനികളായി മാത്രം ചിത്രീകരിച്ചു. കുടുംബഘടനയിലെ അധികാരരാഷ്ട്രീയത്തെ മറികടക്കുവാൻ കീഴാള എഴുത്തുകാരികൾക്ക് കഴിഞ്ഞിട്ടുണ്ട്. സ്ഥാപനവത്ക്കരിക്കപ്പെട്ട ആണധികാരത്തിൽ ചരിത്രപരമായി ഒതുക്കിവെച്ചിരുന്ന നിശബ്ദതയെ ഭേദിക്കുന്നതിന് ഈ എഴുത്തുകാരികൾക്ക് കഴിഞ്ഞു. അടുക്കളക്കാരികൾ എന്ന ലേബലിൽ നിന്ന് സ്വന്തം ജീവിതാനുഭവങ്ങളിലൂടെ വാർപ്പുമാതൃകകളിൽ നിന്ന് മോചനം നേടുന്നതിന് കീഴാള സ്ത്രീ ആത്മകഥാരചയിതാക്കൾക്ക് കഴിഞ്ഞിട്ടുണ്ട്.

 ISSN No: 3049-0316 

കീഴാളർ സ്വതന്ത്രമായി ജീവിക്കുന്നതിന് അധീശന്റെ ഭോഗാസക്തി അനുവദിച്ചിരുന്നില്ല. ജാതീയതയും വർണാധിപത്യ - സാമ്പത്തിക ഇടപെടലുകളും, കപടരാഷ്ട്രീയവും കീഴാള ജനതയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നുവെന്ന തിരിച്ചറിവാണ് ഈ ആത്മകഥകളിലെല്ലാം പ്രകടമാകുന്നത്. ജാനുവിന്റെ ജീവിതകഥയിൽ പറയുന്നതുപോലെ ജനിച്ച ഭൂമിയിൽ ജീവിച്ച് മരിക്കാനുള്ള അവകാശപോരാട്ടങ്ങൾക്കു വേണ്ടിയുള്ള സമരപോരാട്ടങ്ങളാണ് ദലിതരും ആദിവാസികളും, ഇതരലിംഗക്കാരും തൊഴിലിടങ്ങളിൽ പാർശ്വവത്ക്കരിക്കപ്പെട്ടവരും നടത്തിവരുന്നത്. "ഒരേ സമയം ആദിവാസി സ്ത്രീ, ദരിദ്ര, ലെസ്ബിയൻ എന്നീ വൈവിദ്ധ്യാത്മക സ്വത്വാനുഭവങ്ങളിൽ ജീവിക്കുന്നവരുടെ ജീവിതം കൂടുതൽ അടിച്ചമർത്തപ്പെടുകയും തമസ്കരിക്കപ്പെടുകയും ചെയ്യും എന്ന യാഥാർത്ഥ്യം രൂക്ഷമായി നിലനിൽക്കുന്നു." (ചന്ദ്രിക സി.എസ്, 2022:226).

## സ്ത്രീസ്വത്വാവിഷ്കാരം ഉത്തരാധുനികതയിൽ

പത്തൊമ്പതാം നൂറ്റാണ്ടിലാണ് സ്ത്രീമുന്നേറ്റത്തിന് ഭാരതത്തിൽ തുടക്കം കുറിച്ചത്. സതി, ബാല്യവിവാഹം, ബഹുഭാര്യത്വം എന്നിവയ്ക്കെതിരെ പ്രാരംഭഘട്ടങ്ങളിൽ പോരാട്ടം ആരംഭിച്ചു. 1917-ൽ രൂപീകൃതമായ വിമൻസ് ഇന്ത്യൻ അസ്സോസിയേഷൻ, അഖിലേന്ത്യാ വനിതാ സമ്മേളനം നടത്തിയപ്പോൾ സ്ത്രീകളുടെ സാമൂഹിക പുരോഗതിയും വിദ്യാഭ്യാസ മുന്നേറ്റവും ലക്ഷ്യം വെച്ചിരുന്നു. തുടർന്ന് സ്ത്രീകൾ വോട്ടവകാശം നേടിയെടുക്കുകയും ചെയ്തു. സ്ത്രീവാദ പ്രസ്ഥാനത്തിന്റെ തുടർന്നുള്ള നീക്കങ്ങളിൽ ഗാർഹിക പീഢനങ്ങൾക്കെതിരെയും ലൈംഗിക ചൂഷണങ്ങൾക്കെതിരെയും പോരാട്ടം ആരംഭിച്ചു. കീഴാളസ്ത്രീകൾ സാഹിത്യമേഖലയിലേക്ക് രംഗപ്രവേശം ചെയ്തതോടെ സ്വത്വാവിഷ്കാരങ്ങൾക്ക് പ്രാമുഖ്യമേറി. സ്വത്വാധിഷ്ഠിത തിരിച്ചറിവ് കീഴാളജനതയുടെ വ്യക്തിസ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും വേണ്ടി വാദിക്കുന്നവയായി മാറി.

സ്ത്രീവാദപ്രസ്ഥാനങ്ങൾ ഉടലെടുക്കുന്നതിന് കാരണമായത് മനുഷ്യന്റെ പിറവിയിൽതന്നെ ഉണ്ടായ ആൺ/പെൺ വിഭജനമാണ്. പുരുഷനായാൽ ആധിപത്യവും സ്ത്രീയായാൽ അധീനതാഭാവവും എന്ന ചിന്താധാരയാണ് സ്ത്രീയെ കീഴാളതയുടെ തലത്തിലേക്ക് മാറ്റി നിർത്തുന്നത്. സ്ത്രീയും പുരുഷനും ഒരേപോലെ സ്വതരായി ജനിക്കുന്നു. എന്നാൽ വളർച്ചയുടെ ഓരോ ഘട്ടത്തിലും സ്ത്രീ/പെൺകുട്ടിയുടെ ആഗ്രഹങ്ങൾക്ക് കടിഞ്ഞാൺ ഇടുന്നു. കുടുംബം, സമൂഹം, പൊതു ഇടപെടലുകളുള്ള എല്ലാ മേഖലകളിലും സ്ത്രീയായതു കൊണ്ട് മാത്രം അവർ അരികുവത്കരണം നേരിടുന്നു. ഇപ്രകാരം സവർണാധിപത്യം സാഹിത്യേതര മണ്ഡലങ്ങളിൽ ആഴത്തിൽ വേരോടുകയും കീഴാളർ ജാതിയുടെയും നിറത്തിന്റെയും മറ്റ് സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക മണ്ഡലത്തിൽ അവഗണിക്കപ്പെടുകയും ചെയ്ത സന്ദർഭത്തിൽ കീഴാള ജനത അവരുടെ ജീവിതകഥ പറയുവാനാരംഭിക്കുകയും എഴുത്ത് പദ്ധതികളിൽ മാറ്റങ്ങൾക്ക് കാരണമാകുകയും ചെയ്തു.

സാഹിത്യസാംസ്കാരിക മേഖലയിൽ ദലിത് സാഹിത്യ പഠനങ്ങളും, സ്ത്രീവാദ പഠനങ്ങളും മാറ്റങ്ങൾ കൊണ്ടുവന്നു. എന്നാൽ ഉത്തരാധുനികതയിൽ സ്ത്രീ, വിദ്യാഭ്യാസത്തിനു വേണ്ടിയോ ക്ഷേത്രപ്രവേശനത്തിനു വേണ്ടിയോ ആയിരുന്നില്ല വാദഗതികൾ നടത്തിയിരുന്നത്. എഴുത്തുപദ്ധതികളിൽ കുലസ്ത്രീകളെന്നും കീഴാള സ്ത്രീകളെന്നും പരോക്ഷമായി വിഭജിക്കപ്പെട്ടപ്പോൾ കീഴാള സ്ത്രീകൾക്ക് നിലനില്പിനു വേണ്ടി വാദിക്കേണ്ടി വന്നു. പൊതുസമൂഹം മാറ്റിനിർത്തപ്പെട്ട എല്ലാ അധികാര ആധിപത്യ വ്യവസ്ഥിതികളിൽ നിന്നുള്ള മോചനമാണ് കീഴാള സ്ത്രീകൾ ആഗ്രഹിച്ചത്. അദ്ധ്വാന ശീലരായിട്ടുള്ള ജനതയുടെ ഭൂമി തിരിച്ചു പിടിക്കുന്നതു മുതൽ സ്വതന്ത്രമായി ജീവിക്കുന്നതിനും ജാതീയതയെ മറികടന്നുകൊണ്ട് ആവിഷ്കാര സ്വാതന്ത്ര്യം നേടുന്നതിനും ഉത്തരാധുനികതയിലെ കീഴാള എഴുത്തുകാരികൾക്ക് കഴിഞ്ഞു. സാമ്പത്തിക നിലയിൽ ഭദ്രത കൈവരിക്കുകയും പൊതുഇടങ്ങളിൽ ചുവടുറപ്പിക്കുകയും ചെയ്തതോടെ അധികാരരാഷ്ട്രീയത്തെയും, ആധിപത്യ വ്യവസ്ഥിതികളെയും അതിജീവിക്കുന്നതിന് ഈ എഴുത്തുകാരികൾക്ക് കഴിഞ്ഞിട്ടുണ്ട്.

മനുഷ്യത്വ വിരുദ്ധതയുടെ എല്ലാ മണ്ഡലങ്ങളിൽ നിന്നുള്ള മോചനമാണ് കീഴാള സമൂഹം ലക്ഷ്യം വയ്ക്കുന്നത്. ജാതി, നിറം, ലിംഗം, തൊഴിൽ, സാമ്പത്തികം, പദവി, വിദ്യാഭ്യാസം, കല, കായിക രംഗങ്ങളിലെ ഒഴിവാക്കലുകൾ, ഇങ്ങനെ വിവിധ മേഖലകളിൽ നിന്നുള്ള പാർശ്വവത്കരണം കീഴാള ജനതയ്ക്ക് നേരിടേണ്ടിവന്നതിന്റെ വെളിപ്പെടുത്തലുകളാണ് കീഴാളസ്ത്രീ ആത്മകഥകളിൽ പ്രകടമാകുന്നത്. അതിജീവനത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. സ്ഥാപനവത്കരിക്കപ്പെട്ട സാമൂഹിക ക്രമങ്ങളിൽ നിന്നുള്ള യഥാർത്ഥ തിരിച്ചറിവ് നേടിയതിലൂടെ കൂടുതൽ ആത്മകഥകൾ വെളിച്ചം കാണുന്നതിന് കാരണമായി.

വ്യക്തിപരമായ പ്രശ്നങ്ങൾക്കുപരി സാമൂഹിക വിഷയങ്ങൾ ഏറ്റെടുത്ത് പോരാട്ടങ്ങൾ നടത്തിയ ചരിത്രവും കീഴാള സ്ത്രീ ആത്മകഥകളെ മറ്റ് ആത്മകഥകളിൽ നിന്നും വ്യത്യസ്തമാക്കുന്നു. ദലിത് ആദിവാസി, ഇതരലിംഗ വിഭാഗത്തിലുള്ള സ്ത്രീകൾ അസ്തിത്വംകൊണ്ടും അനുഭവജ്ഞാനം കൊണ്ടും സാഹിത്യേതര മേഖലകളിൽ ആത്മകഥാരചനകളിലൂടെ വ്യത്യസ്തമായ ഭൂപടങ്ങൾ വരച്ചുകൊണ്ടിരിക്കുന്നു.

### സഹായക ഗ്രന്ഥങ്ങൾ

1) അംബേദ്കർ, ബി.ആർ, ജാതി നിർമൂലനം, രാജപാത വി.എസ്. (പരി), മൈത്രി ബുക്സ്, തിരുവനന്തപുരം, 2017.
2) ഗോപാലകൃഷ്ണൻ, നടുവട്ടം. ആത്മകഥാസാഹിത്യംമലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998.
3) ചന്ദ്രിക സി.എസ്., കേരളത്തിന്റെ സ്ത്രീചരിത്രങ്ങൾ, സ്ത്രീമുന്നേറ്റങ്ങൾ, ഡി.സി ബുക്സ്, കോട്ടയം, 2023.
4) പോക്കർ. പി.കെ., സ്വത്വരാഷ്ട്രീയം, പ്രോഗ്രസ് പബ്ലിക്കേഷൻ കോഴിക്കോട്, 2012.
5) ബാലകൃഷ്ണൻ പി.കെ., ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം, 2023.
6) രാജീവൻ, ബി., 2020, കീഴാള മാർക്സിസവും കീഴാള ജനാധിപത്യവും, പുസ്തക പ്രസാധക സംഘം, കോഴിക്കോട്, 2020.
7) ലീലാവതി, എം., ഫെമിനിസം: ചരിത്രപരമായ ഒരന്വേഷണം, ഹരിതം ബുക്സ്, കോഴിക്കോട്, 2020.
8) ശ്രീകുമാർ, പി.എസ്., വംശീയതയും രാഷ്ട്രീയവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016.